**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **06-07-2022 - ൽ മറുപടിയ്ക്ക്**

**തിരോധാനം സംബന്ധിച്ചുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മണലൂർ പഞ്ചായത്തിലെ കുന്നംപള്ളി വീട്ടിൽ ശ്രീ. സുനിൽ കുമാറിന്റെ മകൻ ആദിത്ത് മാലിദ്വീപിലെ എം. റ്റി- അലിമാസ് എന്ന കപ്പലിൽ 2022 ഏപ്രിൽ 9 ന് ജോലിക്ക് കയറുകയും 15.04.2022 ന് ടിയാനെ കപ്പലിൽ നിന്നും കാണാതാവുകയും മകന് എന്ത് സംഭവിച്ചു എന്ന് മാലിദ്വീപ് അധികൃതരിൽ നിന്നോ കപ്പൽ അധികൃതരിൽ നിന്നോ യാതൊരു മറുപടിയും കിട്ടാത്തതിനാൽ ടിയാന്റെ തിരോധാനം സംബന്ധിച്ച് ഉചിതമായി അന്വേഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ച് ശ്രീ. സുനിൽകുമാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഹർജി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ശ്രീ.ആദിത്തിനെ കണ്ടെത്തണമെന്നാവശ്യപ്പെട്ട് കേരളീയ പ്രവാസി കാര്യ വകുപ്പിൽ ലഭ്യമായ പരാതി 28.04.2022 ലെ എ3/239/2022/നോർക്ക നമ്പർ കത്ത് പ്രകാരം മാലിദ്വീപിലെ ഇന്ത്യൻ ഹൈക്കമ്മീഷണർക്ക് സഹായം അഭ്യർത്ഥിച്ചുകൊണ്ട് അയച്ചുകൊടുത്തിട്ടുള്ളതാണ്. കപ്പലിന്റെ ഫ്ലാഗ് ഉടമയായ 'പനാമ' ഈ വിഷയത്തിൽ കൂടുതൽ 'ഓൺബോർഡ്' അന്വേഷണം നടത്താൻ യു.എ.ഇ-യിലെ ദുബായിൽ നിന്ന് ഒരു ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുണ്ടെന്ന് തീരുമാനിച്ചിട്ടുള്ളതാണെന്ന് ഇന്ത്യൻ ഹൈക്കമ്മീഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരം പരാതിക്കാരനായ ശ്രീ. സുനിൽകുമാറിനെയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ